ശ്രീ. പി. ആർ. ഫ്രാൻസിസ്: തൃശ്ശൂർ ഡിസ്ട്രിക്റ്റിലെ വിവരം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. അതു് ശേഖരിക്കാത്തതുകൊണ്ടാണോ, അതോ കിട്ടാത്തതുകൊണ്ടാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വിവരം കിട്ടാത്തതുകൊണ്ടാണു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഈ അനാഥശാലകൾക്കു് ഗ്രാന്റു കൊടുക്കുന്നതിനു് വല്ല പ്രത്യേക മാനദണ്ഡവുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുഴുവൻ ഡീറെയിൽസും ലഭിക്കാതെ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇതേസംബന്ധിച്ചുള്ള വിവരം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. ഐ. ജി. ആഫ് പ്രിസൺസ് ആണു് ഈ സഹായധനം കൊടുക്കുന്ന ഏജൻസി. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ കൊടുത്ത സഹായധനത്തിന്റെ പട്ടിക ഐ. ജി. ആഫ് പ്രിസൺസ് ആഫീസിൽ നിന്നു ലഭിക്കുന്നതാണു്, അങ്ങനെയുള്ള ഈ കാര്യത്തിൽ വിവരം ശേഖരിക്കാൻ എന്താണു് പ്രയാസം ? രണ്ടാമതായി ഓരോ കുട്ടിക്കും കൊടുത്തുവന്നിരുന്ന സംഖ്യ ഈ സാമ്പത്തികവർഷത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ ? അതേ സംബന്ധിച്ചു് വ്യക്തമായി പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ബഹു. മെമ്പർ ഇപ്പോഴും പറഞ്ഞതു് ആർഫനേജിനെ ബാധിക്കുന്ന കാര്യമാണു്. ഇവിടെ ചോദിച്ചിരിക്കുന്നതു് ധർമ്മസ്ഥാപനങ്ങളുടെ കാര്യമാണു്. അതു് പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കിട്ടേണ്ട വിവരമാണു്. മുഴുവൻ വിവരവും ശേഖരിച്ചുകഴിഞ്ഞിട്ടില്ല.

ജപ്പാൻ കൃഷിസമ്പ്രദായം

* 150. [5] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കൃഷിസമ്പ്രദായം പരിശീലിപ്പിക്കാൻ ജപ്പാനീസ് ടീമിന്റെ മേൽനോട്ടത്തിൽ കേരളത്തിൽ വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സാമാന്യരൂപം എന്തു് ;

(സി) എവിടെയാണു് ഇതു നടപ്പിലാക്കുന്നതു് ;

(ഡി) എത്രപേർക്കു് പരിശീലനം നൽകപ്പെട്ടും ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) ജപ്പാൻ കൃഷിസമ്പ്രദായം പരിശീലിപ്പിക്കാൻ ജാപ്പനീസ് ടീമിന്റെ മേൽനോട്ടത്തിൽ ഒരു പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടു്.

(ബി) ആലുവായ്ക്കടുത്തുള്ള ചെങ്ങമനാടു് "സീഡ്ഫാമിൽ" 10 ഏക്കർ സ്ഥലത്തു് ജപ്പാനിൽനിന്നും വരുന്ന നാലു കുടുംബം, ജപ്പാനിൽ നടപ്പുള്ളരീതിയനുസരിച്ചു് കൃഷി ചെയ്യുവാനാണു് ഉദ്ദേശിയ്ക്കുന്നതു്. രണ്ടാമത്തെ വർഷംമുതൽ അവരുടെ കൃഷിരീതി, 25 ആളുകളും വീതമുള്ള ഓരോ സംഘത്തിനെ പഠിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടു്.

(സി) ഇതു് ആലുവായ്ക്കടുത്തുള്ള ഗവണ്മെന്റുവക ചെങ്ങമനാടു് "സീഡ്ഫാമി" ലാണു് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതു്.

(ഡി) ഒരേസമയത്തു് 25 പേർക്കു് പരിശീലനം നൽകാനാണു് ഉദ്ദേശിക്കുന്നതു്. ഇപ്രകാരം വർഷംതോറും രണ്ടു കോഴ്സുകൾ ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. കെ. ആർ. വിജയൻ : ഈ സീഡ്ഫാമുകൾക്കു് ആവശ്യമായ ചെലവുകൾ കേന്ദ്രഗവണ്മെന്റാണോ, സംസ്ഥാന ഗവണ്മെന്റാണോ വഹിക്കുന്നതെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : അവർക്കിവിടെ സ്ഥലവും മറ്റു സൗകര്യങ്ങളും സ്റ്റേറ്റ് ഗവണ്മെന്റ് കൊടുക്കുന്നുണ്ട്. അതാണ് അവർക്ക് പ്രധാനമായിട്ട് ആവശ്യമുള്ളത്.

ശ്രീ. കെ. എം. ജോർജ്ജ് : നമ്മുടെ കേരളത്തിൽ, കാർഷികരംഗത്തു് ഏറ്റവും പ്രയാസമായിട്ടുള്ളതു് ഉഴവുകാളകളെ ഉപയോഗിക്കുന്നതാണു്. ഈ ഉഴവുകാളകളെ മാറ്റിയിട്ടു് മദ്ധ്യപ്രദേശിലും മറ്റും ട്രാക്ടറുകളും ഉപയോഗിക്കുന്നതായി റിപ്പോർട്ടുകളും കാണുകയുണ്ടായി ട്രാക്ടറുകളും ഉപയോഗിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്തു് ഇതിനൊരു ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഒരു കൊല്ലമായി സംസ്ഥാനഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെട്ടിട്ടുള്ള ഒരു സംഗതിയാണിതു്. അതിനു് ഫോറിൻ എക്സ്ചേഞ്ചിന്റെ ബുദ്ധിമുട്ടുണ്ടായിരുന്നതുകൊണ്ടും, ഇപ്പോഴത്തെ അടിയന്തിരാവസ്ഥയിൽ പ്രയോറിട്ടി എടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടും അതു കുറെ താമസിച്ചുപോയി. ഇപ്പോൾ ഏതാനും ട്രാക്ടറുകൾ ജപ്പാനിൽ നിന്നും വാങ്ങിച്ചു് ഉപയോഗിക്കത്തക്കവണ്ണം ആവശ്യമായ ഫോറിൻ എക്സ്ചേഞ്ചു് അനുവദിച്ചിട്ടുള്ളതായി അറിയാം.

ശ്രീ. ഈ. പി. ഗോപാലൻ : ഏതെല്ലാം ജപ്പാനീസ് മെത്തേഡ് പരീക്ഷിക്കാനാണു് നിശ്ചയിച്ചിട്ടുള്ളതു്; ആ മാതിരിയുള്ള കൃഷികളും ഇവിടെ പഠിപ്പിക്കുന്നതിനു് വിദഗ്ദ്ധന്മാർ ജപ്പാനിൽനിന്നു തന്നെയാണോ വരുന്നതു്; ആണെങ്കിൽ എത്രപേർ വരുന്നുണ്ടു്?

ശ്രീ. ഈ. പി. പൗലോസ് : ജാപ്പനിൽനിന്നും ഒരു ടീം കൃഷിക്കാർ ഇവിടെവന്നു് ഒരു കൊല്ലത്തേക്കു് കൃഷിചെയ്യുനോക്കും. അതു് ഏകദേശം നാലഞ്ചുപേർ കാണും. ഒന്നോ, രണ്ടോ കുടുംബങ്ങളും കാണും. എത്ര പേരാണെന്നു് കൃത്യമായിട്ടു പറയാൻ നിവൃത്തിയില്ല. ജപ്പാൻ എംബസിയിലെ ഉദ്യോഗസ്ഥന്മാർ ഇവിടെവന്നു് സ്ഥലം പരിശോധിച്ചു് അനുകൂലമായ അഭിപ്രായം പറഞ്ഞിട്ടാണു് പോയിരിക്കുന്നതു്. ഇനി അവസാനമായിട്ടു് ഫോർമല്ലായിട്ടു് ഒരു കമ്മ്യൂണിക്കേഷൻ അവരിൽനിന്നു കിട്ടണം. അതിനു വേണ്ടി കാത്തിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ : ഈ സമ്പ്രദായം എന്നുമുതൽ നടപ്പിലാകുമെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : ഈ വിരിപ്പു കൃഷിക്കുതന്നെ സാധിക്കുമെന്നായിരുന്നു ആദ്യം ഉദ്ദേശിച്ചിരുന്നതു്, ഇതുവരെ മറുപടി കിട്ടാത്തതുകൊണ്ടു് അല്പം താമസിച്ചുപോകുമെന്നു വിചാരിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : ജാപ്പനീസ് മെത്തേഡ് എന്നു് ഇതുവരെ കൃഷിഡിപ്പാർട്ടുമെന്റു് പറഞ്ഞുകേട്ടിട്ടുള്ളതു് വരിപിടിച്ചു് ഞാറു നടണമെന്നാണു്. ഇങ്ങനെ വരിപിടിച്ചു നടുന്നതിനുവേണ്ടി വിദഗ്ദ്ധന്മാരോ, കുടുംബങ്ങളോ വരേണ്ട ആവശ്യമുണ്ടോ ; ഇപ്പോഴത്തെന്ന ജാപ്പനീസ് മെത്തേഡ് അനുസരിച്ചു് എന്തു് ഇമ്പ്രൂവ്മെൻറാണു് പ്രത്യേകമായി ഉണ്ടാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു് ?

ശ്രീ. ഈ. പി. പൗലോസ് : ജാപ്പനീസ് കൃഷി എന്ന സാധാരണ പറയുന്നതു് പ്ലാൻറു് ചെയ്യുന്നതും വളം ചെയ്യുന്നതുമായ കാര്യങ്ങളാണു്. അതു മാത്രമല്ല അവർ ഇവിടെവന്നു് കൃഷിയുടെ എക്കണോമിക്സ് എങ്ങനെയിരിക്കുന്നു എന്നു് നമ്മെ പഠിപ്പിക്കുന്നതും, കൃഷി സമ്പ്രദായംതന്നെ കൂടുതൽ ഫലപ്രദമായി നിലം ഒരുക്കുന്നതു്, കള എടുക്കുന്നതു് അതുപോലെ വിത്തു് പ്രോസസ്സ് ചെയ്യുന്നതു് ഈ വകകാര്യങ്ങളെല്ലാം അവർ പഠിപ്പിക്കണമെന്നതാണു് ഉദ്ദേശം ഇതെല്ലാം നമ്മെക്കാൾകൂടുതൽഫലപ്രദമായി അവർ ചെയ്യുന്നുണ്ടെന്നാണു് ഇതുവരെയുള്ളവിവരങ്ങൾകൊണ്ടു് മനസ്സിലാക്കാൻകഴിഞ്ഞിട്ടുള്ളതു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായം അവർ യു. പി. യിൽ പരീക്ഷിച്ചുനോക്കി. അതു വിജയകരമായിരുന്നു. ബംഗാളിൽ പരീക്ഷിച്ചുനോക്കിയപ്പോഴും അതുത്തോളം വിജയിച്ചില്ല. എന്തായിരുന്നാലും ജാപ്പനീസ് മാതൃകയിൽ പല മാതൃകകളും ഉപയോഗിച്ച് കൃഷി വികസിപ്പിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റെയിൽവേ ലൈനുകൾ

* 151. [6] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനത്തു നിന്നും എത്തെല്ലാം 'റെയിൽവേ' ലൈനുകൾ ഗവണ്മെന്റു മുഖാന്തരം ശുപാർശചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(ബി) നാലാം പദ്ധതിയിൽ, കേരളത്തിൽനിന്നും എത്ര മൈൽ റെയിൽവേ ലൈൻ ഉൾപ്പെടുത്തുവാൻ കഴിയുമെന്നു ഗവണ്മെന്റു് ആരാഞ്ഞിട്ടുണ്ടോ ;

(സി) 'കൊച്ചി—ബോഡിനായ്ക്കന്നൂർ' ലൈൻ നാലാം പദ്ധതിയിൽ മുൻഗണന കൊടുത്തു ഉൾപ്പെടുത്തുന്നതിനു സത്വരനടപടി ഗവണ്മെന്റു കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ, ബി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റെയിൽവേ ലൈനുകളെപ്പറ്റി പരിഗണിക്കുവാൻ സമയമാകുന്നതേയുള്ളൂ.

(സി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ലൈനുകളെപ്പറ്റി തീരുമാനമെടുക്കുമ്പോൾ ഇതും പരിഗണിക്കുന്നതാണു്.

മി. സ്പീക്കർ : 10—ാമത്തെ ചോദ്യത്തിനും ഉത്തരം പറയാം.

പുതിയ റെയിൽവേ ലൈനുകൾ

* 152. [10] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതിയിൽ നമുക്കു് അനുവദിച്ചു കിട്ടിയിട്ടുള്ള റെയിൽവേ ലൈനുകൾ ഏതെല്ലാം ;

(ബി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റെയിൽവേ ലൈനുകളുടെ പ്രയോറിട്ടി നിശ്ചയിക്കാൻ എന്തു മാനദണ്ഡമാണു നിശ്ചയിച്ചിട്ടുള്ളതു്;

(സി) മധുര-എറണാകുളം റെയിൽവേയ്ക്കു് top പ്രയോറിട്ടിനൽകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) മൂന്നാം പദ്ധതിയിൽ ഈ സംസ്ഥാനത്തു് പുതിയ റയിൽവേ ലൈനുകൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി, സി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ലൈനുകളെപ്പറ്റി പരിഗണിക്കാൻ സമയമാകുന്നതേയുള്ളൂ.

ശ്രീ. സി. എ. മാത്യു : ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ റയിൽവേ ലൈനുകളുടെ കാര്യത്തിൽ കേരളം വളരെയധികം പിന്നാക്കനിലയിലാണു്. നമുക്കു് വേണ്ടിടത്തോളം റയിൽവേ ലൈനുകൾ അനുവദിച്ചുകിട്ടുന്നില്ല. കഴിഞ്ഞ പദ്ധതിയിൽ നമുക്കു് ഒന്നും അനുവദിച്ചുകിട്ടിയില്ല. അതുകൊണ്ടു് നാലാം പദ്ധതിയിലെങ്കിലും ഈ കുറവു പരിഹരിക്കുന്നതിനു വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ ; കൂടാതെ മലയോരപ്രദേശങ്ങളിൽ പ്രത്യേകിച്ചു് വളരെയധികം വിദേശനാണ്യം സമ്പാദിച്ചുതരുന്ന കാർഷികോല്പാദനങ്ങൾ കയറ്റി അയയ്ക്കുന്നതിനു് സൗകര്യം ഉണ്ടാക്കു

LIBRARY ARCHIVES Kerala Legislative Assembly